പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.716          02.12.2015-ൽ മറുപടിക്ക്

**വയനാട്-ശിശുക്കളുടെ മരണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലാ ആശുപത്രിയിൽ ചികിത്സ നൽകാതെ ഗർഭിണിയായ പട്ടികഗോത്ര വർഗ്ഗ സ്ത്രീയെ തിരികെ അയച്ചതിനെ തുടർന്ന് മൂന്ന് ശിശുക്കൾ മരണപ്പെടാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയിരുന്ന ഡോ.ആർ.എൽ.സരിത അന്വേഷണം നടത്തിയിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കുറ്റക്കാർ ആരൊക്കെയെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും അറിയിക്കുമോ; | (ബി) മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ.സുഷമ.സി.കെ, അസിസ്റ്റന്റ് സർജൻ ഡോ.അഖിൽ.ആർ.നമ്പ്യാർ, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ശ്രീമതി.കെ.കെ.ശോഭന എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി.<br>ഡോ.സുഷമ.സി.കെ-യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ഡോ.അഖിൽ.ആർ.നമ്പ്യാർ, ശ്രീമതി.കെ.കെ.ശോഭന എന്നിവർക്കും അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. |
| (സി) പര്യാപ്തമായ ചികിത്സാ സംവിധാനം ജില്ലാ ആശുപത്രിയിലും മറ്റു ആശുപത്രികളിലും ഒരുക്കിയിരുന്നോ; വിശദാംശം നൽകുമോ; | (സി) ഗർഭിണികളെ ചികിത്സിപ്പിക്കുന്നതിനാവശ്യമായ സൗകര്യം ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ ജില്ലാ ആശുപത്രിയിൽ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. ഇവിടെ രണ്ട് വീതം ഗൈനക്കോളജിസ്റ്റിന്റെയും, |

അനസ്തെറ്റിസ്റ്റിന്റെയും സേവനം ലഭ്യമാണ്. സിസേറിയൻ ഉൾപ്പെടെ ശസ്ത്രക്രീയകൾ ഇവിടെ ചെയ്യുന്നുണ്ട്. പ്രസവവാർഡും നിലവിൽ ഉണ്ട്. എന്നാൽ എല്ലാത്തരം സങ്കീർണതകളും കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ ചികിത്സാ സംവിധാനം (pre term low birth weigth ICU system) ജില്ലാ ആശുപത്രിയിൽ ലഭ്യമല്ല.

(ഡി) സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ?

(ഡി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിൽ ബത്തേരി താലൂക്കിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മാണത്തിനായി 300 ലക്ഷം രൂപ അനുവദിക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡി വഴി ചെയ്യുന്നതിനായി പ്രസ്തുത തുക എൻ.എച്ച്.എം-ന് കൈമാറിയിരിക്കുകയുമാണ്.

Sobhy

സെക്ഷൻ ഓഫീസർ

**വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവസംബന്ധമായ ചികിത്സയ്ക്കായി പ്രവേശിക്കപ്പെട്ട അനിത എന്ന ആദിവാസി യുവതിയെ മതിയായ ചികിത്സാ സൗകര്യമില്ല എന്ന കാരണം പറഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാനിടയാവുകയും മേൽ രോഗി യാത്രാമദ്ധ്യേ പ്രസവിച്ചതിനെതുടർന്ന് 3 നവജാതശിശുക്കൾ മരിക്കാനിടയാകുകയും ചെയ്ത സംഭവത്തിൽ സർക്കാർ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട്.**

**അന്വേഷണ ഉദ്യോഗസ്ഥ** : **ഡോ.സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)**

**അന്വേഷണസ്ഥലം** : **ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്**

**അന്വേഷണ തീയതി** : **09/09/2015**

ആമുഖം

2/9/2015-ന് രാവിലെ 6.40-മണിയോടു കൂടി ശ്രീമതി.അനിത എന്ന ആദിവാസി യുവതി പ്രസവ വേദനയുമായി മാനന്തവാടി ജില്ലാ ആശുപത്രിയിൽ വരികയും, അവിടെവച്ച് യുവതിക്ക് മതിയായ ചികിത്സ നൽകാതെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും തുടർന്ന് ആംബുലൻസിൽ കോഴിക്കോട് മെഡിക്കൽ കോളേജിലേക്കുള്ള യാത്രാമദ്ധ്യേ പനമരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുകയും അവിടെവച്ച് ആദ്യ കുഞ്ഞിന് ജൻമം നൽകുകയും, തുടർന്നുള്ള യാത്രാമദ്ധ്യേ ആംബുലൻസിൽ വച്ച് രണ്ടാമത്തെ കുഞ്ഞിന് ജൻമം നൽകുകയും തുടർന്നുള്ള യാത്രയിൽ കൽപ്പറ്റ താലൂക്ക് ആശുപത്രിയിൽ വച്ച് മൂന്നാമത്തെ കുഞ്ഞിന് ജൻമം നൽകുകയും, രണ്ടാമത്തേയും, മൂന്നാമത്തേയും കുഞ്ഞുങ്ങൾ പ്രസവത്തെതുടർന്ന് തൽക്ഷണം മരണപ്പെടുകയും, ആദ്യത്തെ കുഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് പിന്നീട് മരിക്കുകയും ചെയ്തു. ഈ സംഭവത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരുടെ ഭാഗത്ത് വീഴ്ച്ചസംഭവിച്ചതാണ് അന്വേഷണത്തിന് ആധാരമായ വിഷയം.

അന്വേഷണത്തിന്റെ ഭാഗമായി താഴെപറയുന്നവരുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി.

1. ഡോ.അഖിൽ.ആർ.നമ്പ്യാർ, അസിസ്റ്റന്റ് സർജൻ, മാനന്തവാടി ജില്ലാ ആശുപത്രി.
2. ശ്രീമതി.പത്മാവതി.പി, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2, മാനന്തവാടി ജില്ലാ ആശുപത്രി.
3. ശ്രീമതി.പത്മിനി.പി.കെ, സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2, മാനന്തവാടി ജില്ലാ ആശുപത്രി.

4. ശ്രീമതി.ഷൈജ.എ.സി, സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2, മാനന്തവാടി ജില്ലാ ആശുപത്രി.
5. ശ്രീമതി.പി.ഷീജ, നെഴ്സിങ്ങ് അസിസ്റ്റന്റ്, മാനന്തവാടി ജില്ലാ ആശുപത്രി.
6. ശ്രീമതി.ശോഭന.കെ.കെ, സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1, മാനന്തവാടി ജില്ലാ ആശുപത്രി.
7. ഡോ.വിജേഷ്.എം.വി, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, മാനന്തവാടി ജില്ലാ ആശുപത്രി.
8. ഡോ.സി.കെ.സുഷമ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), മാനന്തവാടി ജില്ലാ ആശുപത്രി.
9. ശ്രീ.മനോജ് കുമാർ.പി.ജി, ആംബുലൻസ് ഡ്രൈവർ, (ദിവസവേതനം), മാനന്തവാടി ജില്ലാ ആശുപത്രി.
10. ശ്രീമതി.അനിത കൃഷ്ണൻ, എടത്തനതാഴെ പുത്തൻ മഠം, പാളാട്, വയനാട്.
11. ഡോ.ഹാരിസ്.എൻ.കെ, ജൂനിയർ കൺസൾട്ടന്റ്, മാനന്തവാടി ജില്ലാ ആശുപത്രി.
13. ശ്രീ.കൃഷ്ണൻ എടത്തന (അനിതയുടെ ഭർത്താവ്)

കൂടാതെ പനമരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നിന്നും ടി സംഭവവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ മൊഴി ശേഖരിക്കുകയുണ്ടായി. അതോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും കേസ് ഷീറ്റുകളും അനുബന്ധരേഖകളും ശേഖരിച്ചു.

**കണ്ടെത്തലുകൾ**

മൊഴികളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സംഭവ ദിവസം (2/9/2015)-ന് രാവിലെ 6.40-നോട് കൂടി അനിതയെന്ന ആദിവാസി യുവതിയെ പ്രസവ വാർഡിൽ അനിതയുടെ [illegible] എത്തിക്കുകയും രോഗി [illegible] ഉടനെ ഒന്നാം കാൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗൈനക്കോളജിസ്റ്റായ ഡോ.സുഷമയെ ഡ്യൂട്ടിയിലുണ്ടായിരുന്ന സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1 ആയ ശ്രീമതി.പത്മിനി.കെ സ്വന്തം മൊബൈൽ ഫോണിൽ ബന്ധപ്പെടുകയും, അനിതയുടെ സ്കാനിങ്ങ് റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് കുട്ടികൾ ഉള്ളതായും പൂർണ്ണ വളർച്ചയെത്തിയിട്ടില്ല എന്നുമുള്ള വിവരം ഡോ.സുഷമയെ അറിയിക്കുകയും ചെയ്തുവെന്നും, ഡോ.സുഷമയുടെ ഫോണിലൂടെയുള്ള നിർദ്ദേശ പ്രകാരം ഹോസ്പിറ്റൽ അറ്റൻഡർ ശ്രീമതി.പി.പത്മാവതി മുഖേന ഡ്യൂട്ടി ഡോക്ടറെ അറിയിച്ച് റഫർ ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തുവെന്ന് ശ്രീമതി.പത്മിനി.പി.കെ മൊഴി നൽകിയിട്ടുണ്ട്.

സംഭവം അറിഞ്ഞ ഉടനെതന്നെ പ്രസവമുറിയിൽ എത്തി റഫറൻസ് എഴുതി നൽകിയെന്നും, തൽസമയം അനിതയെ താൻ പരിശോധിച്ചിട്ടില്ല എന്നും ഡോ.അഖിൽ നമ്പ്യാർ (ഡ്യൂട്ടി ഡോക്ടർ) മൊഴി നൽകിയിട്ടുണ്ട്. അനിതയെ കണ്ടപ്പോൾ തന്നെ നോർമൽ ആണെന്നും സ്റ്റേബിൾ ആണെന്നും മനസ്സിലാക്കിയതിനാൽ പരിശോധിച്ചില്ല

Sobhy

എന്നാണ് ഡോ.അഖിൽ നമ്പ്യാർ മൊഴി നൽകിയിരിക്കുന്നത്. ഡ്യൂട്ടി ഡോക്ടർ എന്ന നിലയിൽ സ്വന്തം ചുമതല നിറവേറ്റുന്നതിൽ ടി ഡോക്ടർ വീഴ്ച്ച വരുത്തിയതായി കാണുന്നു. പൂർണ്ണവളർച്ചയെത്താത്ത മൂന്ന് കുഞ്ഞുങ്ങളുടെ ജനനം പ്രതീക്ഷിച്ചിട്ടും. ശ്വാസംമുട്ടൽ മൂലം കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് മരണമടഞ്ഞ നവജാതശിശുക്കളുടെ മരണകാരണം തടയാനായി അമ്മയ്ക്ക് നൽകേണ്ടിയിരുന്ന സ്റ്റീറോയ്ഡ് മരുന്നുകൾ നൽകിയിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി.

സ്റ്റാഫ് നേഴ്സായ ശ്രീമതി.പത്മിനി ഫോണിൽ വിളിച്ച് പൂർണ്ണ വളർച്ചയെത്താതെ പ്രസവിക്കാൻ സാദ്ധ്യതയുള്ള അവസ്ഥയിലുള്ള ശ്രീമതി.അനിത എന്ന രോഗി ചികിത്സാർത്ഥം മാനന്തവാടി ജില്ലാ ആശുപത്രിയിൽ എത്തിയിട്ടുണ്ടെന്നും, ചെറിയവേദന ഉണ്ടെന്നും അറിയിച്ചതായും ഡോ.സുഷമ മൊഴി നൽകിയിട്ടുണ്ട്. പൂർണ്ണ വളർച്ച എത്താത്ത അവസ്ഥയിലുള്ളതായതുകൊണ്ട് കുഞ്ഞുങ്ങളുടെ തുടർ ചികിത്സയ്ക്കും റഫറൻസ് ആവശ്യമായിരിക്കും എന്നതിനാൽ ഡ്യൂട്ടി ഡോക്ടറെ കാണിച്ച് റഫറൻസിന് തയ്യാറാക്കുക എന്ന് തിരിച്ച് അറിയിച്ചതായും ഡോ.സുഷമ മൊഴി നൽകിയിട്ടുണ്ട്. ടി പരാമർശിക്കപ്പെട്ട രോഗിയുടെ കാര്യത്തിൽ ഇത്തരത്തിൽ ഡ്യൂട്ടി ഡോക്ടർ നേരിട്ടോ രേഖാമൂലമോ അറിയിക്കുയുണ്ടായില്ല എന്നും ഡോ.സുഷമ മൊഴി നൽകിയിട്ടുണ്ട്.

അതി സങ്കീർണ്ണമായ ഗർഭാവസ്ഥയാണെന്ന് രേഖാമൂലം അറിയിച്ചില്ല എന്നിരിന്നാലും ടി വിവരം ഫോണിലൂടെ അറിഞ്ഞശേഷം ഡോ.സുഷമയുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. ഇതിൽ ഡ്യൂട്ടി ഗൈനക്കോളജിസ്റ്റ് എന്ന നിലയിൽ ഡോക്ടറുടെ ഭാഗത്ത് നിന്നും വീഴ്ച്ചയുണ്ടായിട്ടുണ്ട്.

നൈറ്റ് ഡ്യൂട്ടി സൂപ്പർവൈസറായ ശ്രീമതി.ശോഭന.കെ.കെ (സ്റ്റാഫ് നെഴ്സ് ഗ്രേഡ്-I) അന്നേദിവസം രാത്രി മുതൽ പിറ്റേന്ന് ഉച്ചയ്ക്ക് 2 മണിവരെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നെന്നും, അനിതയെന്ന രോഗിയെ റഫർ ചെയ്ത വിവരം നൈറ്റ് റിപ്പോർട്ടിൽ , രേഖപ്പെടുത്തിയില്ല എന്നും, വാർഡിൽ നിന്ന് അത് സംബന്ധിച്ച് തനിക്ക് യാതൊരു വിവരവും ലഭ്യമായില്ല എന്നും മൊഴി നൽകിയിട്ടുണ്ട്. പ്രസ്തുത സംഭവം ഡ്യൂട്ടി റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്താതിരുന്ന ശ്രീമതി.ശോഭന.കെ.കെ-യുടെ നടപടി കൃത്യ വിലോപമാണ്.

2/9/2015-ന് രാവിലെ ഏകദേശം 7.00 മണിക്ക്ശേഷം ഡ്യൂട്ടി കഴിഞ്ഞ് പോകാനുള്ള തയ്യാറെടുപ്പ് സമയത്ത് പ്രമോട്ടർ ശ്രീ.ബാബു.പി.സി-യുടെ ഫോൺ കാൾ വരികയും അടിയന്തിരമായി ജില്ലാ ആശുപത്രിയിലെ പ്രസവവാർഡിൽ നിന്ന് ഒരു രോഗിയെ കോഴിക്കോട് മെഡിക്കൽകോളേജിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചതിനെതുടർന്ന് ഉടൻതന്നെ ജില്ലാ ആശുപത്രി പ്രസവവാർഡിന് സമീപം ആംബുലൻസ് എത്തിച്ച്

Sobhuy

രോഗിയായ ശ്രീമതി.അനിതയേയും കൂട്ടി യാത്ര തിരിക്കുകയും 7.30-നോട് കൂടി പനമരം സാമൂഹ്യാരോഗ്യകേന്ദ്രത്തിലും, തുടർന്ന് കൽപ്പറ്റ ജനറൽ ആശുപത്രിയിലും അവസാനം കോഴിക്കോട് മെഡിക്കൽകോളേജിലും സുരക്ഷിതമായി രോഗിയെ എത്തിക്കുകയും ചെയ്തതായി ആംബുലൻസിന്റെ ഡ്രൈവർ ശ്രീ.മനോജ്കുമാർ.പി.ജി മൊഴി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും സംഭവത്തിൽ ആംബുലൻസ് ഡ്രൈവറുടെ ഭാഗത്തുനിന്നും അവസരോചിതമായ ഇടപെടൽ ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിന്നും ശ്രീമതി.അനിതയെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്നവഴി പനമരം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ചപ്പോഴും തുടർന്ന് കൽപ്പറ്റ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോഴും പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫുകളുടെ ഭാഗത്തുനിന്നും അവസരോചിതമായ ഇടപെടൽ ഉണ്ടായതായി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

<u>നിഗമനങ്ങൾ</u>

1. പ്രസവവേദനയുമായി മാനന്തവാടി ജില്ലാ ആശുപത്രിയിൽ എത്തിയ അനിത എന്ന ആദിവാസി യുവതിയെ പരിശോധിയ്ക്കാതെ 100 കി.മീ. അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്ത ഡ്യൂട്ടി ഡോക്ടറായ ഡോ.അഖിൽ ആർ നമ്പ്യാർ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ എന്ന നിലയിൽ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. റഫർ ചെയ്ത സമയത്ത് ആംബുലൻസിനൊപ്പം രോഗിയുടെ കൂടെ സ്റ്റാഫിനെ ഉൾപ്പെടുത്താതിരുന്നതും ഗുരുതര വീഴ്ചയാണ്. പൂർണ്ണ വളർച്ചയെത്താത്ത ശിശുക്കളെ ശരിയായ പരിചരണം നൽകുവാൻ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ , ഗർഭാവസ്ഥയിൽതന്നെ രോഗിയെ റഫർ ചെയ്യുകയാണ് ശാസ്ത്രീയ മാർഗ്ഗമെങ്കിലും വഴിയിൽവച്ച് പ്രസവം നടക്കാനുള്ള സാദ്ധ്യത ഡ്യൂട്ടി ഡോക്ടർക്ക് കണക്കുകൂട്ടാൻ കഴിഞ്ഞില്ല.
2. വന്ധ്യതാ ചികിത്സയ്ക്ക് ശേഷം മൂന്ന് കുഞ്ഞുങ്ങളെ ഗർഭം ധരിച്ച അനിതയെന്ന യുവതി ആശുപത്രിയിൽ എത്തിയ വിവരം ഫോണിലൂടെ ഡ്യൂട്ടി നേഴ്സിൽ നിന്നും അറിഞ്ഞിട്ടും തുടർനടപടികൾ കൈക്കൊള്ളാതിരുന്ന ഡോ.സുഷമ (ജൂനിയർ മെഡിക്കൽ കൺസൾട്ടിന്റ്)-ന്റെ നടപടി ന്യായീകരിക്കാവുന്നതല്ല.
3. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത അതിസങ്കീർണ്ണമായ അവസ്ഥയിലുള്ള ഗർഭിണിയായ രോഗിയെ റഫർ ചെയ്ത വിവരം അറിഞ്ഞിട്ടില്ല എന്ന് മൊഴിതന്ന നൈറ്റ് ഡ്യൂട്ടി സൂപ്പർവൈസറായ ശ്രീമതി.ശോഭന.കെ.കെ (സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1)-ന്റെ നടപടി ന്യായീകരിക്കാവുന്നതല്ല.

Jobhey

ശിപാർശകൾ

1. ഡ്യൂട്ടി ഡോക്ടറായ ഡോ.അഖിൽ. ആർ.നമ്പ്യാർ, അസിസ്റ്റന്റ് സർജനെതിരെ ജോലിയിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ചതിന് കർശന അച്ചടക്കനടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.
2. ശ്രീമതി.അനിതയുടെ രോഗാവസ്ഥ ഫോണിലൂടെ അറിയിച്ചിട്ടും തുടർനടപടി സ്വീകരിയ്ക്കാതിരുന്ന കാൾ ഡ്യൂട്ടി ഡോക്ടറായ ജൂനിയർ കൺസൾട്ടന്റ് ഡോ.സുഷമയ്ക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർസ ചെയ്യുന്നു.
3. ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗിയെ മുതിർന്ന നെഴ്സ് എന്ന നിലയിൽ സഹായിക്കേണ്ട ചുമതലയുള്ള നൈറ്റ് ഡ്യൂട്ടി സൂപ്പർവൈസർ, അനിത എന്ന ഗർഭിണി അഡ്മിറ്റായ വിവരം അറിഞ്ഞിരുന്നില്ല എന്ന പറയുന്നത് തികഞ്ഞ കൃത്യവിലോപമായതിനാൽ ശ്രീമതി.കെ.കെ.ശോഭന (സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1)-നെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.
4. ആദിവാസിമേഖലയിൽ നിന്നും ചികിത്സതേടിയെത്തുന്ന രോഗികളോട് മാനുഷിക പരിഗണന പുലർത്താൻ സൂപ്രണ്ട്, ആർ.എം.ഒ എന്നിവർ ശ്രദ്ധിക്കേണ്ടതും, ജില്ലാ മെഡിക്കൽ ഓഫീസർ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

**ഡോ.സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (വിജിലൻസ്)**

Submitted to DHS for approval.

Approved, To proceed ...

DHS.